# പതിനാലാം കേരളനിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.323 — 27.02.2017 ൽ മറുപടിയ്ക്ക്

### ചക്കുളത്തുകാവ്-എടത്വ തീർത്ഥാടനകേന്ദ്ര മേഖലയിലെ ആരോഗ്യ പ്രവർത്തനങ്ങൾ

| | ചോദ്യം<br>ശ്രീ.തോമസ് ചാണ്ടി | | മറുപടി<br>ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
|---|---|---|---|
| എ) | ചക്കുളത്തുകാവ്-എടത്വ തീർത്ഥാടന കേന്ദ്രങ്ങളിലേക്ക് ലക്ഷക്കണക്കിന് ഭക്തജനങ്ങൾ എത്തുന്നത് പരിഗണിച്ച് ഈ മേഖലയിലെ ആരോഗ്യ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ; | എ) | ചക്കുളത്തുകാവ് അമ്പലത്തിലെ ഉത്സവത്തോടനുബന്ധിച്ചും, എടത്വ പള്ളിയിലെ തിരുനാൾ ആഘോഷത്തോടനുബന്ധിച്ചും നടക്കുന്ന ആഘോഷങ്ങളിൽ പങ്കെടുക്കുന്ന തീർത്ഥാടകരുടെ ആരോഗ്യ സംരക്ഷണത്തിന് സ്ഥിരമായ സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടത് ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും, ആരാധനാലയങ്ങളും ചേർന്നാണ്. ഇതിനാവശ്യമായ സാങ്കേതിക മേൽനോട്ടം ആരോഗ്യ വകുപ്പ് നൽകുന്നതാണ്. ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു.<br><br>1) തീർത്ഥാടകരുടെ എണ്ണത്തിന് ആനുപാതികമായി സ്ഥിരമായ ടോയ് ലെറ്റ്-യൂറിനൽ-ബാത്ത് റൂം (പുരുഷൻമാർക്കും, സ്ത്രീകൾക്കും പ്രത്യേകം പ്രത്യേകം) സംവിധാനം മതിയായ വലിപ്പത്തോടുകൂടി സെപ്റ്റിക് ടാങ്ക് സഹിതം ഒരുക്കുക.<br><br>2) തീർത്ഥാടനങ്ങളോടനുബന്ധിച്ചുണ്ടാകുന്ന മാലിന്യങ്ങൾ ശേഖരിച്ച് തരം തിരിച്ച് സംസ്കരിക്കുന്നതിന് ആവശ്യമായ സ്ഥലം കണ്ടെത്തി ഇൻസിനറേറ്റർ സ്ഥാപിച്ച് പ്രവർത്തിപ്പിക്കുക.<br><br>3) ശുദ്ധമായ കുടിവെള്ള ലഭ്യതയുള്ള സംവിധാനം ഒരുക്കുക. |
| ബി) | തീർത്ഥാടനകാലങ്ങളിൽ വിപുലമായ ആരോഗ്യ സേവന സംവിധാനം ഈ പ്രദേശങ്ങളിൽ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ? | ബി) | ആരോഗ്യവകുപ്പ് ജില്ലാ മെഡിക്കലാഫീസറുടെ നേതൃത്വത്തിൽ ടി തീർത്ഥാടന കാലായളവിൽ സുസജ്ജമായ ആംബുലൻസ് സൗകര്യത്തോടുകൂടിയ മെഡിക്കൽ ടീമിനെ നൽകുന്നതിനും പകർച്ചവ്യാധികൾ തടയുന്നതിനായി ശുചീകരണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിനും അനുബന്ധ ശുചിത്വ പരിശോധനകൾ നടത്തുന്നതിനും പൊതുജനാരോഗ്യവിഭാഗം ജില്ലാ ഉദ്യോഗസ്ഥർ ഉൾപ്പെടെയുള്ള ജീവനക്കാരെ നിയോഗിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ